DESPATCHED On..3/1/2022

30/12/2021


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർ CP.No.363(5)/20/SIC
## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
## File No. 6268/SIC-G7/2020

തീയതി :30.12.2021

സന്നിഹിത

ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ.ഖാലിദ്മുണ്ടപ്പിള്ളി,,<br>സോഷ്യൽആക്ടിവിസ്റ്റ്, മുണ്ടപ്പിള്ളിവീട്,<br>എടയപ്പുറം, ആലുവ – 683 101, എറണാകുളം. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>ഡെപ്യൂട്ടി പോലീസ്സൂപ്രണ്ടിന്റെകാര്യാലയം,<br>വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ,<br>എറണാകുളംയൂണിറ്റ്, കത്തൃക്കടവ് – 682 017. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 09.05.2020 |
| 6(1) അപേക്ഷയ്ക്ക്മറുപടി ലഭ്യമാക്കിയതീയതി | 29.05.2020 |
| കമ്മീഷനിൽ പരാതിസമർപ്പിച്ച തീയതി | 15.06.2020 |
| കമ്മീഷനിൽ പരാതികൈപ്പറ്റിയതീയതി | 19.06.2020 |
| ഹിയറിംഗ്തീയതി | 15.09.2021 |

## ഉത്തരവ്

കമ്മീഷൻ മുമ്പാകെ പരിഗണനയ്ക്ക് വന്ന ഈ പരാതി ഹർജി, ഓഡിയോ കോൺഫറൻസ് മുഖാന്തിരം ഹിയറിംഗ് നടത്തുന്നതിനായി ഫോൺ നമ്പർ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 13.08.2021 ൽ ഹിയറിംഗ് നോട്ടീസ് നൽകിയെങ്കിലും പരാതി ഹർജിക്കാരൻ ഫോൺ നമ്പർ ലഭ്യമാക്കിയില്ല. ആയതിനാൽ എസ്.പി.ഐ.ഒ യുടെമൊഴിയും സമർപ്പിക്കപ്പെട്ട രേഖകളും വിശദമായി പരിശോധിച്ച് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

2. വിജിലൻസ് കേസ് 28/2016/EKM ബഹു.മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ സമർപ്പിച്ച തീയതി. ഇല്ലെങ്കിൽ ഇത്രയും കാലതാമസം വരാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുക തുടങ്ങിയ വിവരങ്ങളായിരുന്നു പരാതി ഹർജിക്കാരൻ എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിരുന്നത്.

3. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 29.05.2020 ന് മറുപടി നൽകിയെന്നും, അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിന് VC 28/16/EKM എന്ന കേസ് ടിയാൻ വിവരാവകാശ അപേക്ഷ സമർപ്പിച്ച സമയത്ത് അന്വേഷണാവസ്ഥയിൽ ആയിരുന്നതിനാൽ വിജിലൻസ് കോടതിയിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടില്ലെന്ന മറുപടി നൽകിയിട്ടുണ്ടെന്നും രണ്ടാമത്തെ ചോദ്യത്തിൽ പ്രതിപാദിച്ചിരിക്കുന്ന കാലതാമസം വരുവാനുള്ള കാരണം എന്താണെന്നുള്ള ചോദ്യം വിവരാവകാശ നിയമം 2(f)ന്റെ പരിധിയിൽ വരാത്തതിനാലും വിവരാവകാശ നിയമത്തിലെ 8(1)(h) വകുപ്പ് പ്രകാരവും നിരസിച്ചുവെന്നും പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയാക്കി "വസ്തുതാ വിവര റിപ്പോർട്ട്" വിജിലൻസ് ഡയറക്ടർക്ക് സമർപ്പിച്ചതിനുശേഷം വിജിലൻസ് ഡയറക്ടറിൽ നിന്നും ലഭ്യമായ അനുമതിക്കുശേഷം അന്തിമ റിപ്പോർട്ട് ബഹു.എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും പരാതിക്കാരനെ കേട്ടശേഷം ബഹു.കോടതി അന്തിമ റിപ്പോർട്ട് 15.04.2021 ൽ അംഗീകരിച്ചിട്ടുണ്ടെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. 6(1) അപേക്ഷയ്ക്ക് കൃത്യമായ മറുപടി 30 ദിവസത്തിനുള്ളിൽ നൽകേണ്ടതാണെന്നും, ഒന്നാം അപ്പീൽ അധികാരിയുടെ വിലാസം നൽകേണ്ടതാണെന്നും മേലിൽ ഇക്കാര്യം ശ്രദ്ധിക്കണമെന്നും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകുന്നു.

5. പരാതി ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന കേസിന്മേൽ അന്വേഷണം

പൂർത്തിയാകാത്തതിനാലാണ്മറുപടി ലഭ്യമാക്കാതിരുന്നതെന്ന എസ്.പി.ഐ.ഒ.യുടെ മറുപടി കമ്മീഷൻ അംഗീകരിക്കുന്നു. മേൽ സാഹചര്യത്തിൽ കമ്മീഷൻ മുമ്പാകെ എസ്.പി.ഐ.ഒ നൽകിയ മൊഴിയും റിപ്പോർട്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ കേസിന്റെ റിപ്പോർട്ട് നൽകുവാൻ കഴിയുന്ന സാഹചര്യമാണെങ്കിൽ പരാതിക്കാരന് ലഭ്യമാക്കേണ്ടതാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ പരാതിഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30–ാം തീയതിഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

JN

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM